# എസ്.എസ്.എൽ.സി/റ്റി.എച്ച്.എസ്.എൽ.സി/എസ്.എസ്.എൽ.സി (HI) /റ്റി.എച്ച്.എസ്.എൽ.സി (HI) പുനഃക്രമീകരിച്ച പരീക്ഷാ ദിന പരീക്ഷാ സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ :നിർദ്ദേശങ്ങൾ

കോവിഡ്-2019 ന്റെ പശ്ചാത്തലത്തിൽ പരീക്ഷാകേന്ദ്രമാറ്റം അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിവരങ്ങൾ HM ലോഗിനിൽ Centre Change Candidate List - എന്ന മെനുവിൽ ലഭ്യമാണ്. അടുത്ത മൂന്ന് ദിവസത്തെ വിദ്യാർത്ഥികളുടെ Attendance List, Examination മെനുവിൽ Seating and Room Management എന്ന മെനുവിനു താഴെ Attendance Sheet, Centre Change Candidate Attendance Sheet എന്നീ മെനുവുകളിൽ ലഭ്യമാകുന്നതാണ്. വിദ്യാർത്ഥികൾ Attendance Sheet കളിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല. പകരം ക്ലാസ്സിലെ ഇൻവിജിലേറ്റർ ഹാജരായ വിദ്യാർത്ഥികൾക്കു നേരേയുള്ള കോളത്തിൽ **P** എന്നും ഹാജരല്ലാത്ത വിദ്യാർത്ഥികളുടെ പേരിന് നേരെ ചുവന്ന മഷിയിൽ '**ABSENT**' എന്നും രേഖപ്പെടുത്തണം. **പരീക്ഷാ കേന്ദ്രം മാറ്റപ്പെട്ട വിദ്യാർത്ഥികളുടെ ഹാജർ മാതൃപരീക്ഷാകേന്ദ്രങ്ങളാണ് രേഖപ്പെടുത്തേണ്ടത്.** അത്തരം സ്കൂൾ പ്രഥമാധ്യാപകർ Centre Change Candidate Attendance List ൽ നൽകിയിട്ടുള്ള പുതിയ പരീക്ഷാ കേന്ദ്രം പ്രഥമാധ്യാപകന്റെ ഫോൺ നമ്പറിൽ ബന്ധപ്പെട്ട് ഹാജർ നില ഉറപ്പാക്കിയ ശേഷം വേണം Absentees Entry നൽകേണ്ടത്. പരീക്ഷാ കേന്ദ്ര മാറ്റം അനുവദിക്കപ്പെട്ട ഏതെങ്കിലും വിദ്യാർത്ഥി പുതിയ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത വിവരം മാതൃസ്കൂളുകളിലെ പ്രഥമാധ്യാപകനെ പുതിയ പരീക്ഷാകേന്ദ്രം ചീഫ് സൂപ്രണ്ട് അറിയിക്കേണ്ടതാണ്.

**പരീക്ഷാ കേന്ദ്ര മാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസുകൾ Answer Sheet Distribution മെനുവിൽ ലഭ്യമാകുന്ന "Centre Change Candidate CV Address Slip" ൽ നിർദ്ദേശിക്കുന്ന ക്യാമ്പിലേയ്ക്കാണ് അയയ്ക്കേണ്ടത്.** മറ്റ് വിദ്യാർത്ഥികളുടേത് അതത് Address Slip അനുസരിച്ചുമാണ് അയയ്ക്കേണ്ടത്. പരീക്ഷ കഴിഞ്ഞ് വൈകിട്ട് തന്നെ ഉത്തരകടലാസുകളുടെ ബണ്ടിലുകൾ ക്യാമ്പിലേക്ക് അയയ്ക്കുകയും Dispatch Details Entry നിർവ്വഹിക്കുകയും വേണം. **പരീക്ഷാകേന്ദ്രം മാറി എഴുതിയ കുട്ടികളുടെ ഉത്തരകടലാസുകൾ അയച്ച വിവരം Exam Centre Change Answer Script Dispatch Details Entry എന്ന ലിങ്കിലൂടെ പ്രത്യേകമായും നൽകേണ്ടതാണ്.**

(ഒപ്പ്)

പരീക്ഷാ സെക്രട്ടറി